LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഒൻവതാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1996 മാർച്ച് 14, വ്യാഴം

വാല്യം XCVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 1996 മാർച്ച് 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.....ചോദ്യം 79

സംസ്കൃത സർവ്വകലാശാലയിലെ കോഴ്സുകൾ

* 1. [79] ശ്രീ. ടി. ശിവദാസമേനോൻ :
,, പിണറായി വിജയൻ :
,, ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയിൽ ഏതെല്ലാം വിഷയങ്ങളിൽ എന്തെല്ലാം കോഴ്സുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളിൽ വിദ്യാഭ്യാസം നൽകുന്നതിനാണ് സംസ്കൃത സർവ്വകലാശാലാ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) ആകെടിൽ വ്യവസ്ഥ ചെയ്തിരുന്ന എല്ലാ വിഷയങ്ങളിടേയും പരിപോഷണത്തിനുതകുന്ന കോഴ്സുകൾ ഇപ്പോൾ സർവ്വകലാശാല നടത്തുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നിയമത്തിൽ പരാമർശിക്കാത്തതും ഇതര സർവ്വകലാശാലകളുടെ കീഴിൽ നടത്തുന്നതുമായ കോഴ്സുകളും വിഷയങ്ങളും സംസ്കൃത സർവ്വകലാശാല ഏറെറടുത്ത് നടത്തുന്നുണ്ടോ ;

(ഇ) പ്രത്യേക ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ള ഒരു സർവ്വകലാശാല ഇപ്രകാരം വിവിധ കോഴ്സുകൾ നടത്തുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയെ ബാധിക്കുമോ എന്ന് പരിശോധിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സംസ്കൃത സർവ്വകലാശാലയിൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) സംസ്കൃത സർവ്വകലാശാലാ നിയമത്തിന്റെ 5-ാം വകുപ്പിലാണ് സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. ഈ വകുപ്പിൽ സംസ്കൃതം, ഭാരത പഠനം, ഭാരതീയ തത്വശാസ്ത്രം, ഭാരതീയ ഭാഷകൾ എന്നിവയിലുള്ള പഠനവും ഗവേഷണവുമാണ് സർവ്വകലാശാലയുടെ ലക്ഷ്യമെന്ന് ആവർത്തിച്ച് പ്രസ്താവിച്ചിട്ടുള്ളതിന് പുറമേ 'ജി' എന്ന ഉപവകുപ്പിൽ ഈ സർവ്വകലാശാല ഭാരതീയ പാരമ്പര്യമുള്ള സംഗീതം, നാടകം, ചിത്രകല തുടങ്ങിയ ലളിത കലകൾ പഠിപ്പിക്കാനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുമെന്നും 'എച്ച്' എന്ന ഉപവകുപ്പിൽ വിദേശ ഭാഷകൾ, സാഹിത്യം, സാമൂഹിക പഠന വിഷയങ്ങൾ, സാമൂഹിക ശാസ്ത്ര വിഷയങ്ങൾ എന്നിവ പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമെന്നും സംസ്കൃതത്തോടൊപ്പം ഈ വിഷയങ്ങൾകൂടി ഉൾക്കൊള്ളിച്ച് യുവതലമുറകൾക്ക് പ്രയോജന പ്രദവും ആകർഷകവുമായ രീതിയിൽ രൂപപ്പെടുത്തിയ പഠന പദ്ധതികളായിരിക്കും സർവ്വകലാശാലയിലുണ്ടായിരിക്കുകയെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു പുറമേ, സർവ്വകലാശാലാ നിയമത്തിന്റെ 19-ാം വകുപ്പിൽ സംസ്കൃത സർവ്വകലാശാലയിൽ ഉണ്ടാകുന്ന ഫാക്കൽറ്റികൾ ഏതൊക്കെയെന്ന് പറയുന്നിടത്ത് സംസ്കൃതത്തിലുള്ള ഫാക്കൽറ്റികൾക്ക് പുറമേ ഇൻഡോളജി, ഇന്ത്യൻ ഭാഷകൾ, വിദേശ ഭാഷകൾ, ആർട്സ് ആൻറ് സോഷ്യൽ സയൻസ് എന്ന നാല് ഫാക്കൽറ്റികൾ നിർബന്ധമായും ഉണ്ടായിരിക്കുമെന്നും ഭാവിയിൽ കൂടുതൽ ഫാക്കൽറ്റികൾ ആരംഭിക്കാവുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്.

(സി) ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ വിഷയങ്ങൾക്കും കോഴ്സുകൾ തുടങ്ങി കഴിഞ്ഞിട്ടില്ല.

(ഡി) നിയമത്തിൽ നിർദ്ദേശിക്കാത്ത വിഷയങ്ങളും കോഴ്സുകളും സംസ്കൃത സർവ്വകലാശാല ഏറെറടുത്തു നടത്തുന്നില്ല.

(ഇ) സർവ്വകലാശാലാ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ട കോഴ്സുകൾ മാത്രമാണ് സർവ്വകലാശാല നടത്തുന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, സംസ്കൃത സർവ്വകലാശാലയിൽ എം. എ.-ക്ക് (പോസ്റ്റ് ഗ്രാഡ്യുവേഷൻ) വേദാന്തം മെയിൻ, സംസ്കൃതം സബ്സിഡിയറി, സംസ്കൃതം മെയിൻ, വേദാന്തം സബ്സിഡിയറി എന്നിങ്ങനെ കോഴ്സുകൾ ഉണ്ട്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ എം. എ. വേദാന്ത എത്ര കുട്ടികൾ പഠിക്കുന്നുണ്ട്?

M. A. Sanskrit main with Vedantha, എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് പറയാമോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഓരോന്നിലും പഠിക്കുന്ന കുട്ടികളുടെ പട്ടിക, ഓരോ സെൻററിലും പഠിക്കുന്നവരുടെ വിശദമായ പട്ടിക എന്നിവ ലഭ്യമാക്കാം. ഇപ്പോഴം ലഭ്യമാക്കിയിട്ടുള്ളത് മൊത്തത്തിലുള്ള കണക്ക് മാത്രമാണ്. അത് വിശദീകരിക്കാം. പിന്നെ ഓരോ സെൻററിലും ഓരോ സബ്ജക്ടിലും എത്ര ഉണ്ട് എന്നുള്ളത് ലഭ്യമാക്കി ക്കൊടുക്കാവുന്നതാണ്. എം. എ.-യ്ക്ക് മാത്രമാണോ ചോദിച്ചത് ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ചോദിച്ചതിനെ സ്പിരിറ്റ് പറഞ്ഞുതരാം. സംസ്കൃത സർവ്വകലാശാല ഗവേഷണത്തിനുവേണ്ടിയുള്ള താണ്. സംസ്കൃത സർവ്വകലാശാല (Higher studies) ഉപരി പഠനത്തിനു വേണ്ടിയുള്ളതാണ്. പോസ്റ്റ് ഗ്രാഡുവേഷനാണ് അതിനെ മിനിമം. ആ പോസ്റ്റ് ഗ്രാഡുവേഷനിൽ വേദാന്ത മെയിൻ, സംസ്കൃത മെയിൻ, വേദാന്ത സബ്സിഡിയറി, സംസ്കൃത സബ്സിഡിയറി, എന്നിങ്ങനെ രണ്ടു കോഴ്സുകളാണുള്ളത്. ഇതിൽ ഓരോന്നിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സംസ്കൃതത്തിൽ വിവിധ ശാഖകളിലായിട്ട് 93 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എം. എ. കോഴ്സിൽ പഠിക്കുന്നുണ്ട്. വിഭജിച്ചുകൊണ്ടുള്ള കണക്ക് ഫയലിലില്ല. അതു ലഭ്യമാക്കാം.

ശ്രീ. ടി. ശിവദാസമേനോൻ : വിഭജിച്ചുകൊണ്ടുള്ള കണക്ക് വേണ്ട. എം. എ. യ്ക്ക് മൊത്തത്തിലുള്ള കണക്ക് മതി.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : എം. എ. യ്ക്ക് മൊത്തത്തിൽ 93 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : സംസ്കൃത സർവ്വകലാശാലയിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങൾ ഡിഗ്രിക്കും ബി. എഡിനും ഉണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സംസ്കൃത യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചുമാണ് ചോദിക്കുന്നതെങ്കിൽ കെമിസ്ട്രി ഒന്നും വരുന്നില്ല. ഇവിടത്തെ കോഴ്സിനെക്കുറിച്ച് വിശദീകരിക്കേണ്ടതാവശ്യമായതുകൊണ്ട് പറയുകയാണ്. ഇവിടത്തെ ബി. എഡ്. അടക്കമുള്ള എല്ലാ കോഴ്സിലും സംസ്കൃതം പ്രധാന സബ്ജക്ടാണ് ഉണ്ട്. അതായത് ഇവിടെ മൂന്ന് മെയിനാണുള്ളത്. ബി. എഡിന് സാധാരണ ഗതിയിലുള്ളതിനു പുറമേ സംസ്കൃതത്തിന് ഒരു പേപ്പർ ഉണ്ട്. മറെറല്ലാ സബ്ജക്ടിനും മൂന്നു മെയിനാണ്. ഇതിലൊന്ന് സംസ്കൃതമാണ്. ഉദാഹരണം പറഞ്ഞാൽ ഇപ്പോഴ അവിടെ ബി. എ. കോഴ്സിന് സംസ്കൃതം, ഹിസ്റ്ററി, ഫിലോസഫി, സംസ്കൃതം-ഹിസ്റ്ററി-മ്യൂസിക്, സംസ്കൃതം-ഹിസ്റ്ററി-ഡാൻസ്, സംസ്കൃതം-ഹിസ്റ്ററി-പെയിൻറിംഗ് ഇവയാണ് വിഷയങ്ങൾ എല്ലാറ്റിലും സംസ്കൃതമുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : സംസ്കൃതം - ഹിസ്റ്ററി - കെമിസ്ട്രി എന്നതിന് എന്തു ചെയ്യും ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇതിൽ കെമിസ്ട്രി ഓഫർ ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ : സംസ്കൃത സർവ്വകലാശാലയുടെ കീഴിൽ ഏതെല്ലാം സ്ഥലത്താണ് കോഴ്സുകൾ നടത്തുന്നത് ? എത്ര കോളേജുകളാണ് ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സംസ്കൃത യൂണിവേഴ്സിറ്റിയുടെ കീഴിൽ താഴെപ്പറയുന്ന സെൻറുകൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ മെയിൻ സെൻറർ കാലടിയിലാണ്. പിന്നെ തിരുവനന്തപുരം. തിരുവനപുരം ജില്ലയിലേത് പ്രാദേശിക കേന്ദ്രമാണ്. ഇവ കൂടാതെ കൊല്ലം ജില്ലയിലെ പത്മനഭ, ആലപ്പുഴ ജില്ലയിലെ തുറവൂർ, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, പാലക്കാട് ജില്ലയിലെ എലപ്പുള്ളി, മലപ്പുറം ജില്ലയിലെ തിരൂർ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ എന്നിവിടങ്ങളിലും സെൻറുകളുണ്ട്. ഇതിന്റെ കീഴിൽ അഫിലിയേറ്റഡ് കോളേജുകൾ ഇല്ല. ഇതിന്റെ കൺസപ്റ്റ് അങ്ങനെയല്ല. യൂണിവേഴ്സിറ്റി നേരിട്ടുള്ള സെൻറുകളാണ്. അതുകൊണ്ട് ഇതിൽ കോളേജ് ഉൾപ്പെടുത്തുന്ന പ്രശ്നം ഇല്ല.

ശ്രീ. പിണറായി വിജയൻ : ഓരോ യൂണിവേഴ്സിറ്റിക്കും ഒരു പരിധി ഉണ്ടല്ലോ. മറ്റൊരു യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥലം സംസ്കൃത യൂണിവേഴ്സിറ്റി ഏറ്റെടുക്കുന്നതിന്റെ പ്രസക്തി എന്താണ്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സംസ്കൃത യൂണിവേഴ്സിറ്റിയുടെ ടെറിറ്റോറിയൽ ജൂറിസ്ഡിക്ഷൻ സ്റ്റേറ്റ് വൈസാണ്. ആക്ടിൽ പറഞ്ഞിട്ടുള്ളത്. "The territorial jurisdiction of the University shall extent to the whole of Kerala" എന്നാണ്. അതുകൊണ്ട് ഇതിന്റെ സെൻറുകൾ മറ്റു സ്ഥലങ്ങളിൽ ആരംഭിക്കുന്നതിൽ ഔചിത്യക്കുറവൊന്നുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ചോദ്യത്തിന്റെ "ഇ" വിഭാഗത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത് സർവ്വകലാശാലാ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക ആവശ്യങ്ങൾ നിറവേറുന്നതിനുവേണ്ട കോഴ്സുകൾ മാത്രമാണ് സർവ്വകലാശാല നടത്തുന്നതെന്നാണ്. പക്ഷേ ആ ഉദ്ദേശ്യലക്ഷ്യത്തിൽ മുൻപു പറഞ്ഞിട്ടുള്ളത് സംസ്കൃത പോഷണം, സംസ്കൃതത്തിൽ ഗവേഷണം തുടങ്ങിയിട്ടുള്ള കാര്യങ്ങൾക്കു പുറമേ പരിമിതമായ വേറെ കുറെ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഇതിലൊന്നും പെടാത്ത ഇക്കണോമിക്സ്, പൊളിറ്റിക്സ്, ചരിത്രം ഇതൊക്കെയാണ് പല സ്ഥലത്തും തുടങ്ങിയിട്ടുള്ളത്. അവിടെ മാത്തമറ്റിക്സിനു ആളിനെ വയ്ക്കുന്നത് വ്യക്തമായിട്ടാണ്. മയൂര സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 'ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്രദ്വിഷ്ടത്വത്താൽ....' എന്നു പറയുന്ന ജാതി ഇഷ്ട പ്രാണേശ്വരൻമാർക്കുവേണ്ടിയുള്ള കോഴ്സുകളാണ്. റിട്ടയർ ചെയ്തിട്ടുള്ള ആളിനെ സേവനാധികാരമായി നിയമിക്കുകയാണ്. ഇന്ന് സിൻഡിക്കേറ്റില്ല, സെനറ്റില്ല, ഒന്നുമില്ല. അപ്പോൾ റിട്ടയർ ചെയ്തിട്ടുള്ള ആളുകളെ നോക്കി നിയമിക്കുമ്പോൾ അവർക്ക് പറ്റുന്ന കാര്യം ചെയ്യും, കോഴ്സും നിയമവും ഒന്നും ബാധകമല്ല. അതല്ലേ അവിടെ നടക്കുന്നത് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സ്പെസിഫിക്കായിട്ട് ഇന്ന കോഴ്സ് നിയമത്തിൽ പറയാത്തത് നടത്തുന്നുവെന്നുപറഞ്ഞാൽ മറുപടി പറയാൻ പറ്റും. എല്ലാ കോഴ്സുകളുടെയും പട്ടിക എന്റെ കൈവശമുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റി നിയമത്തിൽ അനുശാസിക്കാത്ത ഒറ്റ കോഴ്സും അവിടെ നടത്തുന്നില്ല. ഏതെങ്കിലും കോഴ്സ് അവിടെ നടത്തുന്നുവെന്ന് പറഞ്ഞാൽ എന്റെ കൈയിൽ മറുപടിയുണ്ട്. സ്പെസിഫിക്ക് ആയിട്ട് ഇന്ന കോഴ്സ് നടത്തുന്നുവെന്ന് പറയാത്തതുകൊണ്ട് മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പറയാനില്ല. സംസ്കൃത യൂണിവേഴ്സിറ്റിയുടെ പ്രശ്നം, സംസ്കൃത്തിൽ വ്യാകരണവും വേദാന്തവുമുണ്ട്. വ്യാകരണവും വേദാന്തവും മാത്രം പഠിച്ചാൽ മതിയോ? ഏത് യൂണിവേഴ്സിറ്റി ആയിരുന്നാലും പഠിച്ച് വിദ്വാനായിട്ട് വീട്ടിലിരിക്കുന്നതിനുപകരം ജോലി കൂടി കിട്ടാനുള്ള സാദ്ധ്യത ഉണ്ടെങ്കിലേ എഡ്യൂക്കേഷൻ നില്ക്കുകയുള്ളു. അതിന്റെ ഫലമായിട്ട് സംസ്കൃതത്തിൽ ഊന്നൽ കൊടുത്തുകൊണ്ട് കുട്ടികൾക്ക് ഭാവിയിൽ ജീവിക്കുവാനാവശ്യമായ, ജോലി കൂടി കിട്ടുന്ന വിധത്തിലുള്ള കോഴ്സുകളാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. അത് സദുദ്ദേശപരമാണ്, അതിനെല്ലാം നിയമത്തിൽ വകുപ്പുണ്ട്. നിയമത്തിൽ പറഞ്ഞിട്ടില്ലാത്ത വിധത്തിൽ ഒറ്റ കോഴ്സും സംസ്കൃത യൂണിവേഴ്സിറ്റിയിൽ നടത്തുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എക്കണോമിക്സ്, മാത്തമാറ്റിക്സ്, ഫൊളിറ്റിക്സ് ഇവ ഈ നിയമത്തിൽ, അങ്ങ് പറഞ്ഞിട്ടുള്ളതിൽ ഇല്ല. ഇതൊന്നും പഠിയാതെ പിന്നെയും പറയുകയാണ് ജോലി കിട്ടാൻ സാദ്ധ്യതയുള്ള കോഴ്സുകളാണ് ഡിസൈൻ ചെയ്തിട്ടുള്ളതെന്ന്, അങ്ങനെയുണ്ടെങ്കിൽ സംസ്കൃത സർവ്വകലാശാല എന്തിനാണ് ഉണ്ടാക്കിയത്? സംസ്കൃതത്തിന്റെ പരിപോഷണം, ഗവേഷണം, അതുമായി ബന്ധപ്പെട്ട വേദാന്തം, വ്യാകരണം, തർക്കം മുതലായ കാര്യങ്ങൾ മനസ്സിലാക്കാം. ഇത തർക്കമില്ലാത്ത കാര്യമാണ്. റിട്ടയർ ചെയ്ത, ഇഷ്ടമുള്ള ആളുകളെ നിയമിക്കാൻ പറ്റുന്ന കോഴ്സുകളാണ് തുടങ്ങുന്നത്. അതെല്ലാം അവിടെ നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അവിടെ കൊടുക്കേണ്ട കോഴ്സുകളെ സംബന്ധിച്ച് നിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സംശയം ദൂരീകരിക്കാൻവേണ്ടി ഞാൻ ഒരിക്കൽ കൂടി പറയാം. അവിടെ കൊടുക്കാൻ പോകുന്ന കോഴ്സുകളെ സംബന്ധിച്ച് Aims and Objectives-ൽ പറഞ്ഞിട്ടുണ്ട്. Imparting intensive, extensive and higher education in various branches of Sanskrit learning as well as in Indology, Inian Philosophy and Indian Languages. അത് പറഞ്ഞതിനുശേഷം ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയിൽതന്നെ പറഞ്ഞു. അതിൽ പറയുന്നത് making provision for imparting education in other subjects-including Foriegn Languages and Literature, Arts, Humanities and Social Sciences along with Sanskrit for the purpose of offering fully rounded and composite courses of study which are useful and attractive to the young generations പുതിയ തലമുറയ്ക്ക് ആകർഷണീയമായ വിധത്തിൽ സംസ്കൃതം ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പറഞ്ഞ കാര്യങ്ങൾക്ക് പുറമേ സോഷ്യൽ സയൻസ് അടക്കമുള്ള മേഖലകളിൽ കോഴ്സുകൾ ഓപ്പറേറ്റ് ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുമെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അതുപ്രകാരമാണ് അവർക്ക് കോഴ്സ് കൊടുക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുതിയ തലമുറയ്ക്ക് പറ്റിയതാണെങ്കിൽ സിനിമ, സംഗീതം, നൃത്തം, നാടകം എന്നിവ ആയിക്കൂടെ. പക്ഷെ നാടകമാണ് ഇവിടെ നടക്കുന്നത്. നാലഞ്ചു മാസമായി അദ്ധ്യാപകർക്ക് ശമ്പളമില്ല. 400 പേരെ നിയമിച്ചിട്ടുണ്ട്. നമ്മുടെ ചീഫ് സെക്രട്ടറി അല്ലാതെ മറ്റ് ആരെങ്കിലും ഇത് കൈകാര്യം ചെയ്യുന്നുണ്ടോ? കേന്ദ്രപ്പാനും കേന്ദ്രവിയുമുള്ള വിധത്തിൽ എന്തെങ്കിലും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നിയമിക്കുന്ന ആളുകൾക്ക് ഇഷ്ടമുള്ള പ്രകാരം ജോലി കൊടുക്കാനുള്ള കോഴ്സാണ് സംസ്കൃത യൂണിവേഴ്സിറ്റിയിൽ കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനെപ്പോലെയുള്ള വളരെ സീനിയർ മെമ്പർ പറയുന്നത് കഷ്ടമാണ്. വിദ്യാർത്ഥികൾ ഇതിനെ എങ്ങനെ പ്രതികരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. 45 കുട്ടികളുമായി തുടങ്ങിയ ഈ സ്ഥാപനത്തിൽ ഇന്ന് 2830 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവിടെ ഓഫർ ചെയ്യുന്ന കോഴ്സിനോട് വിദ്യാർത്ഥികൾക്ക് ആഭിമുഖ്യമുണ്ട്, അത് അവർക്ക് പ്രയോജനപ്രദമാണെന്നതു കൊണ്ടാണ് ഇവിടെ തുടങ്ങിയത്. അതല്ലാതെ ചേർക്കുന്ന ആളുകൾക്ക് പറഞ്ഞിയ വിധത്തിലുള്ള കോഴ്സുകൾ അല്ല. കോഴ്സിന്റെ മുഴുവൻ പട്ടികയും എന്റെ കൈവശമുണ്ട്, അത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. എല്ലാ കോഴ്സുകളും വളരെ പ്രയോജനമുള്ള കോഴ്സുകളാണ്. അതുകൊണ്ടാണ് ഇതിന്റെ അഡ്മിഷനുവേണ്ടി ഇത്രയധികം കുട്ടികൾ വരുന്നത്. ബി.എ.യ്ക്കാണെങ്കിൽ ഒരു മെയിൻ സബ്ജക്ടാണ്, എന്നാൽ ഇത് മൂന്ന് മെയിൻ സബ്ജക്ട് എടുത്തുകൊണ്ട് ഡിഗ്രി കൊടുക്കുന്ന ഒരു സ്ഥാപനമാണ്. ഇത് എംപ്ലോയ്മെന്റ് മാർക്കറ്റിൽ വളരെ ഡിമാന്റുള്ളതാണ്. അതേ സമയം സംസ്കൃതത്തിന് അർഹമായ പ്രാതിനിധ്യമുണ്ട്. എല്ലാറ്റിനും ഒരു പേപ്പർ സംസ്കൃതം നിർബന്ധം ആണ്. അല്ലാതെ ചീഫ് സെക്രട്ടറിയുടെ താൽപ്പര്യത്തിനനുസരിച്ച് ആളെ വച്ച് അവർക്ക് പറഞ്ഞിയ കോഴ്സ് അല്ല, ആവശ്യമുള്ള കോഴ്സുകളാണ് കൊടുക്കുന്നത്.

ശ്രീ. പെർക്കളം അബ്ദുള്ള : സംസ്കൃത സർവ്വകലാശാലയുടെ ഒരു റീജിയണൽ സെന്റർ മഞ്ചേശ്വരത്ത് സ്ഥാപിക്കുന്നതു സംബന്ധിച്ച് നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ. അത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചു. എപ്പോൾ ക്ലാസ് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മഞ്ചേശ്വരത്തും പത്തനംതിട്ടയിലെ തിരുവല്ലായിലും റീജിയണൽ സെന്റർ സ്ഥാപിക്കാൻ അവർക്ക് പരിപാടി ഉണ്ടെന്ന് സംസ്കൃത യൂണിവേഴ്സിറ്റിയിൽനിന്നും ഞങ്ങൾക്ക് റിപ്പോർട്ട് ലഭിച്ചിരുന്നു. ഇത് സംബന്ധിച്ച് കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഗവൺമെന്റ് യൂണിവേഴ്സിറ്റിയോട് അഭ്യർത്ഥിക്കുന്നതാണ്.

ശ്രീ. പി. രാഘവൻ : ഒരു സർവ്വകലാശാലയ്ക്കാവശ്യമായ നിയമാനുസൃതമായിട്ടുള്ള സെനറ്റും സിൻഡിക്കേറ്റും ഈ സംസ്കൃത സർവ്വകലാശാലയ്ക്ക് രൂപീകൃതമായിട്ടുണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സെനറ്റും സിൻഡിക്കേറ്റും രൂപീകരിച്ചിട്ടില്ല. സിൻഡിക്കേറ്റിലേക്കുള്ള ചാൻസിലറുടെ നോമിനിയെ സെലക്ട് ചെയ്തുകൊണ്ട് ചാൻസലർ ഉത്തരവായിട്ടുണ്ട്. മറ്റ് എക്സ് ഒഫിഷ്യോ മെമ്പർമാരുടെയും വിവിധ ഫാക്കൽറ്റിയിലുള്ള ആളുകളെയും കൂടി വച്ച് സെനറ്റ് രൂപീകരിക്കുന്നതാണ്. സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കേണ്ടതുണ്ട്, അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ബാലൻ : സംസ്കൃതം പഠിച്ചാൽ ജോലി കിട്ടാൻ സാദ്ധ്യത കുറവാണ്, അതുകൊണ്ട് മറ്റ് വിഷയങ്ങൾകൂടി പഠിപ്പിക്കുന്നുവെന്നാണ്. ഏത് വിഷയം പഠിച്ചാലും ജോലി കിട്ടാനുള്ള സാദ്ധ്യത വിരളമായതുകൊണ്ട് വേദാന്തം മാത്രം പഠിപ്പിക്കാൻ അവിടെ ഏർപ്പാടുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : വേദാന്തവും വ്യാകരണവും മാത്രം പഠിച്ച് വിദ്വാനായി വീട്ടിലിരുന്നിട്ട് എന്താണ് കാര്യം, ജീവിക്കണ്ടേ, അതും കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത് കൊടുക്കുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : പഴയ കാലത്ത് വൈദ്യവും ജ്യോൽസ്യവും പഠിക്കണമെങ്കിൽ സംസ്കൃതം ഒഴിച്ചുകൂടാത്ത ഒന്നായിരുന്നു. അതുകൊണ്ട് സംസ്കൃതം പഠിപ്പിക്കുന്ന അദ്ധ്യാപകർ നാട്ടിൻപുറത്തുണ്ടായിരുന്നു. ഇവിടെ തുടങ്ങിയ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് അതിന്റെ നടത്തിപ്പും കഥയും ധാരാളമുണ്ട്. വിദഗ്ദ്ധരായ ആളുകളെ കൂടി വിളിച്ച് ചർച്ച നടത്തി അവരുടെ കൂടി അഭിപ്രായം കേൾക്കണം. ഗവൺമെന്റ് എടുത്ത തീരുമാനമാണ് ആകെ ശരിയെന്നുള്ള അഭിപ്രായത്തിൽ നിൽക്കാതെ ഇതിന്റെ വളർച്ചയ്ക്കുവേണ്ടി ഈ രംഗത്ത് പ്രാവിണ്യം നേടിയ ആളുകളുടെ അഭിപ്രായത്തെ കൂടി മാനിച്ചുകൊണ്ടുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : തീർച്ചയായിട്ടും സ്വീകരിക്കും. കോഴ്സുകളുടെ കാര്യം യൂണിവേഴ്സിറ്റിയുടെ പരിധിയിൽ പെട്ടതാണ്. ഇവിടെ ശ്രീ. ബാലൻ വൈദ്യർ സൂചിപ്പിച്ചതുപോലെ ആയുർവേദം ഇതിന്റെ ശാഖയായിട്ട് വരേണ്ടതാണ്. വിദഗ്ദ്ധൻമാരെ വിളിച്ച് അവരുടെ കൂടി അഭിപ്രായം അറിയണമെന്നുള്ളത് വളരെ പ്രസക്തമായ കാര്യമാണ്. അക്കാഡമിക് കൗൺസിലൊക്കെ വരുന്നതോടുകൂടി അതിന്റെ പൂർണ്ണമായ പെർഫക്ഷനിലേക്ക് നീങ്ങുന്നതാണ്. തീർച്ചയായിട്ടും ഈ പറയുന്ന കാര്യം ഉൾക്കൊള്ളാൻ യൂണിവേഴ്സിറ്റിയോട് ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്യുന്നതാണ്.

ശ്രീ. ഒ. ഭരതൻ : നമ്മുടെ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിയാണ് ഇപ്പോൾ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി പ്രവർത്തിക്കുന്നത്. ചീഫ് സെക്രട്ടറിയുടെ ഉത്തരവാദിത്വം തന്നെ നിർവ്വഹിക്കുന്നതിന് അങ്ങേയറ്റത്തെ പ്രയാസങ്ങൾ അനുഭവിക്കുന്ന ഘട്ടത്തിൽ, മറ്റ് ജനാധിപത്യസംവിധാനങ്ങളൊന്നുമില്ലാതെ ഒറ്റയ്ക്ക് സർവ്വകലാശാലയുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് "തുളസീവനം" എന്ന പേരിൽ കുറച്ചു സംസ്കൃത കവിതകൾ എഴുതിയെന്നതൊഴിച്ച് വേറൊരു യോഗ്യതയുമില്ലാത്ത ഒരാളെ ആ സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആയി തുടരാൻ അനുവദിക്കുന്നത് ശരിയാണോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അദ്ദേഹത്തിന് ധാരാളം യോഗ്യതകളുണ്ട്. പക്ഷെ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള കാലാവധി നമ്മുടെ നിയമപ്രകാരം 3) മാസം ആദ്യം തുടരാവുന്നതാണ്. അതുപ്രകാരം ജൂൺ വരെ അദ്ദേഹത്തിന് തുടരാവുന്നതാണ്. ജൂൺ മാസത്തിനപ്പുറം നമ്മൾ അപ്പോയിന്റ് ചെയ്ത വൈസ് ചാൻസലർക്ക് തുടരാൻ സാധിക്കുകയില്ല. അതിനുശേഷം പുതിയ വൈസ് ചാൻസലറെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ റെ. ബാബു : സംസ്കൃത യൂണിവേഴ്സിറ്റിയുടെ ഘടനയനുസരിച്ച് സംസ്കൃത കോളേജുകൾ ഈ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യുന്നില്ല. സംസ്ഥാനത്തെ സംസ്കൃത കോളേജുകളിൽ സംസ്കൃത യൂണിവേഴ്സിറ്റിയിൽ നടക്കുന്ന പ്രവർത്തനത്തിന്റെ പ്രയോജനം ലഭിക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇവർ ഓഫർ ചെയ്യുന്ന കോഴ്സുകളല്ലാതെ മാറ് കോളേജുകളുടെ കാര്യത്തിൽ ഇടപെടുവാൻ ഇവരുടെ നിയമ പ്രകാരം അവകാശമില്ല. പക്ഷെ സംസ്കൃത യൂണിവേഴ്സിറ്റി ഉണ്ടായാൽ സംസ്കൃതത്തിന്റെ മൊത്തത്തിലുള്ള പരിപോഷണത്തിനാവശ്യമായ നേതൃത്വം കൊടുക്കാൻ കഴിയുമെന്നതിൽ കവിഞ്ഞ് ആ നിലയിൽ മറ്റ് കോളേജുകൾക്ക് ഉപയോഗിക്കാമെന്നല്ലാതെ ഡയറക്ടായിട്ട് മറ്റ് കോളേജിലെ കാര്യമൊക്കെ ചെയ്യുവാൻ നിയമം അനുശാസിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : അന്യം നിന്നുപോകുന്ന സംസ്കൃത ഭാഷയുടെ നിലനിൽപ്പിനും അതിന്റെ ഗവേഷണ പഠനത്തിന്റെ വളർച്ചയ്ക്കുമാണ് ഇത് ഉണ്ടാക്കിയത്. അങ്ങനെയാണെങ്കിൽ ആയുർവേദ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമാണ് സംസ്കൃതവിദ്യാഭ്യാസം. ജോലി ഉദ്ദേശിച്ചാണല്ലോ ഇപ്പോഴും നമ്മൾ സർവ്വകലാശാല ഉണ്ടാക്കുന്നത്. പിന്നെ, ആളുകളെ നിയമിക്കുന്ന കാര്യമാണ് ഗവൺമെന്റിന്റെ മനസ്സിലുള്ളത്. അങ്ങനെ ആണെങ്കിൽ ആയുർവേദ വിദ്യാഭ്യാസത്തിലൂടെ കുറെ ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കഴിയുമെന്നുള്ളതുകൊണ്ട് സംസ്കൃത സർവകലാശാലയെ ആയുർവേദ സർവകലാശാലയാക്കി മാറ്റുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതിന്റെ കാര്യമില്ല. സംസ്കൃതത്തിൽ ജന്മമെടുക്കുന്ന എല്ലാവരിനും ഇതിൽ പ്രൊവിഷനുണ്ടല്ലോ. വേദാന്തമായാലും ആയുർവേദമായാലും ഇതിന്റെ പേരിൽ ആയുർവേദം കൂട്ടണമെന്നില്ല. ഇതിന്റെ സ്കോപ്പിൽ അതു വരുന്ന കാരമേയുള്ളു. സംസ്കൃതം എന്നു പറയുമ്പോൾ ശ്രീ. ബാലൻ വൈദ്യരുടെ ഒരു ചോദ്യത്തിൽനിന്നും ഉയർന്നുവന്ന ഒരാശയം തന്നെയാണ്. ഇത് ചെയ്യാവുന്ന കാര്യമേയുള്ളൂ. ആയുർവേദം എന്നുകൂടി ഇതിന്റെ പേരിൽ ചേർക്കേണ്ട കാര്യമില്ല. അദ്ദേഹം പറഞ്ഞ കാര്യം കൂടി ഉൾക്കൊണ്ടുകൊണ്ട് ഫാക്കൽറ്റികൾ ആരംഭിക്കാമെന്നു മാത്രമേയുള്ളൂ. ഫാക്കൽറ്റിയായിട്ട് ആരംഭിച്ചാൽ മതി.

കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി

* 2 [80] ശ്രീ. ഇ. പി. ജയരാജൻ :

., പാച്ചേനി കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തുണിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കൈത്തറി വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) കൈത്തറി തുണികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള റിബേറ്റ് യഥാസമയം കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാത്തതുമൂലം പ്രസ്തുത സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

14-3-1996-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ* 1(79) കാണുക

Course	*Sl. No.*	*Subject*
(1)	(2)	(3)
5 year B.A.	1.	Sanskrit, History, Philosophy
	2.	Sanskrit, History, Music
	3.	Sanskrit, History, Dance
	4.	Sanskrit, History, Painting
3 year B.A.	5.	Sanstrit, History, Philosophy
	6.	Sanskrit, Economics Political Science
	7.	Sanskrit, Psychology, Sociology
B.A. B.Ed.	8.	Sanskrit, Malayalam Literature, Kerala History
	9.	Sanskrit, History, Geography
	10.	Sanskrit, Malayalam, Hindi
	11.	Sanskrit, Indian History, Human Culture
	12.	Sanskrit, History, Music
B.Ed.	13.	Sanskrit, Child Education
	14.	Sanskrit, Malayalam
	15.	Sanskrit, Hindi
	16.	Sanskrit, Social Studies
M.A.	17.	Malayalam
	18.	History
	19.	Hindi
	20.	Indology
	21.	Urudu
	22.	Tamil
	23.	Jyautisha
	24.	Sanskrit-Sahitya
	25.	Sanskrit-Vedanta
	26.	Sanskrit-Nyaya
		Sanskrit-Vyakarana

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
M S W	28.	Social Work
M. T. Sc.	29.	Traditional Science
M. Ed.	30.	Regular
	31.	Trimester
	32.	Part-Time
M. Phil	33.	Sanskrit-Sahitya
	34.	Sanskrit-Vedanta
	35.	Sanskrit-Nyaya
	36.	Sanskrit-Vyakarana
	37.	Malayalam
	38.	Hindi
	39.	Ayurveda
Ph.D.	40.	Education
	41.	Malayalam
	42.	Hindi
	43.	Urudu
	44.	Music
	45.	Ayurveda
	46.	Jyautisha
	47.	Tamil
	48.	History
	49.	Sanskrit-Sahitya
	50.	Sanskrit Vedanta
	51.	Sanskrit-Nyaya
	52.	Sanskrit-Vyakarana
	53.	Geography
P.G. Diploma	54.	Vastusastya & Vastuvidya
Certificate	55.	Kannada (Part-time)
Course	56.	Tamil

LIBRARY ARCHIVES Kerala Legislative Assembly